# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5706** **24-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതിയിലൂടെ ജലസംഭരണികളുടെയും ജലനിർഗമന ചാലുകളുടെയും നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക മേഖലയ്ക്ക് അനിവാര്യമാണെന്നത് കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തൊഴിലുറപ്പ് പദ്ധതിയിലൂടെ ജലസംഭരണികളും ജലനിർഗമന ചാലുകളും നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പാർലമെന്റ് പാസ്സാക്കിയ തൊഴിലുറപ്പ് നിയമം 2005, പദ്ധതിയുടെ Annual Master Circular, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് നടപ്പാക്കി വരുന്നത്. ജലസംഭരണികളുടെ നിർമ്മാണം നിലവിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയില്ല. എന്നാൽ കൃഷി, കൃഷി അനുബന്ധ മേഖലയെ സഹായിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ നീർത്തടാധിഷ്ഠിതമായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ജലസംഭരണത്തിനായി പൊതു കുളങ്ങളുടെ നിർമ്മാണം, പൊതുകുളങ്ങളുടെ പുനരുദ്ധാരണം, ഫാം പോണ്ടുകളുടെ നിർമ്മാണം, മഴവെള്ള റീച്ചാർജ് സംവിധാനങ്ങൾ മുതലായ പ്രവൃത്തികൾ നിലവിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജല നിർഗമനം സുഗമമാക്കുന്നതിനായി നീർചാലുകളുടെ നിർമ്മാണം, തോടുകളുടെയും, കൈവഴികളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ